**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3855** **06-08-2021 - ൽ മറുപടിയ്ക്ക്**

**ജല ജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല ജീവൻ മിഷന്റെ ഫണ്ട് ഉപയോഗിച്ച് കൊണ്ടോട്ടി മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടക്കുന്നതെന്നും അവയ്ക്ക് എത്ര തുക വീതം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) | കൊണ്ടോട്ടി മണ്ഡലത്തിൽ ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി ചീക്കോട്, ചെറുകാവ്, മുതുവല്ലൂർ, പുളിക്കൽ, വാഴക്കാട്, വാഴയൂർ എന്നീ പഞ്ചായത്തുകളിലായി 32,765 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് വേണ്ട പ്രവർത്തികൾ നടപ്പിലാക്കി വരുന്നു. ഈ പ്രവർത്തികൾക്കായി 10,800 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രവർത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓരോ പ്രവൃത്തിയുടെയും ടെണ്ടർ നടപടി ഏത് ഘട്ടത്തിലാണെന്ന് പ്രത്യേകം വിശദമാക്കുമോ; | (ബി) | മേൽപ്പറഞ്ഞ പഞ്ചായത്തുകളിൽ മുതുവല്ലൂർ (ഫേസ്-1), ചെറുകാവ്, വാഴയൂർ, വാഴക്കാട്, പുളിക്കൽ എന്നീ പഞ്ചായത്തുകളിലെ പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ചീക്കോട് പഞ്ചായത്തിലെ പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | ടെണ്ടർ ഉറപ്പിച്ച പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് അറിയിക്കുമോ? | (സി) | ദർഘാസ് നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികളുടെ നിർവഹണത്തിൽ നിലവിൽ തടസ്സങ്ങളൊന്നും നേരിടുന്നില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **പഞ്ചായത്ത്** | **ഭരണാനുമതി ലഭിച്ചിട്ടുള്ള കുടിവെള്ള കണക്ഷനുകൾ** | **ഭരണാനുമതി തുക ലക്ഷത്തിൽ** |
|---|---|---|
| ചീക്കോട് | 5748 | 1800 |
| ചെറുകാവ് | 5091 | 1800 |
| മുതുവല്ലൂർ | 3380 | 1800 |
| പുളിക്കൽ | 6054 | 1800 |
| വാഴക്കാട് | 6746 | 1800 |
| വാഴയൂർ | 5746 | 1800 |